(സി) വരുമാനം കുറഞ്ഞ റൂട്ടുകളിൽ ബസ് സർവ്വീസ് പൂർണ്ണമായും നിർത്താതെ യാത്രാക്ലേശം പരിഹരിക്കാൻ ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസങ്ങളിൽ ദീർഘദൂര സർവ്വീസ് എന്ന രീതിയിലുള്ള ലിമിറ്റഡ് കൺട്രോൾ ഷെഡ്യൂൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

എല്ലാ പ്രധാന മേഖലകളെയും ഒറ്റപ്പെട്ട മേഖലകളെയും മലയോര മേഖലയെയും ബന്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.- സർവ്വീസുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടുതലായി സർവ്വീസുകളുടെ ആവശ്യം സാദ്ധ്യതാ പഠനം നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

കായംകുളം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ പുനരുദ്ധാരണം

248(1233) <u>ശ്രീമതി യു. പ്രതിഭ:</u> താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായ കായംകുളം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിന്റെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

കായംകുളം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ബസ് ടെർമിനൽ കെട്ടിടം നിർമ്മിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി detailed project report സമർപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ Project Management Consultancy ആയ M/s HLL Lifecare Ltd.-ന് 3-12-2020-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പുനരുദ്ധാരണം

249 (1234) <u>ശ്രീ. എൻ. കെ. അക്ബർ:</u> താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി. ഗുരുവായൂർ ബസ് സ്റ്റേഷനിൽ യാത്രക്കാർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉൾപ്പെടുത്തി അത്യാധുനിക രീതിയിലുള്ള ബസ്സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് KSRTC-യുടെ Project Management Consultant ആയ M/s. SILK Ltd-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly